Circular No.1/gen/2020

# ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ

**ദേവലോകം, കോട്ടയം – 686 004**
**Ph: 0481 2572890, website: ossae.org, e-mail: dgossae@gmail.com**

## വിജ്ഞാപനം

## ജീവകാരുണ്യദിനം

ബഹു. വൈദീക സഹോദരങ്ങൾക്കും എല്ലാ സൺഡേസ്കൂൾ പ്രവർത്തകർക്കും പുതുവത്സരാശംസകൾ നേരുന്നു. ഏവരുടെയും പ്രാർത്ഥനയും സഹകരണവും പ്രസ്ഥാന പ്രവർത്തനങ്ങളിൽ പ്രതീക്ഷിക്കുന്നു. ഈ വിജ്ഞാപനത്തിലെ വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

### (i). OSSAE പ്രവേശനോത്സവം

2020 ജനുവരി ആദ്യ ഞായറാഴ്ചയിൽ ക്ലാസ്സുകൾ ആരംഭിക്കണം. പുതുതായി ക്ലാസ്സുകളിൽ വരുന്ന കൊച്ചുകുഞ്ഞുങ്ങളെ ആദരിച്ചു സ്വീകരിക്കണം. തുടക്കം ആകർഷകവും മനോഹരവുമായിരിക്കണം. ബഹു. വികാരി അച്ചന്റെ നേതൃത്വത്തിൽ ആലോചിച്ച് ആവശ്യമായ തീരുമാനങ്ങൾ നടത്തണം.

### (ii) പാഠങ്ങളുടെ ഡിജിറ്റലൈസേഷൻ

കാലഘട്ടത്തിനനുസരിച്ച് OSSAE യിലും അധ്യാപനരീതിക്കു മാറ്റം വരണം. ഇതിന്റെ പ്രാരംഭനടപടിയായി പാഠങ്ങളുടെ ഡിജിറ്റലൈസേഷൻ ആരംഭിക്കണം. സഭയിലെ എല്ലാ സൺഡേസ്കൂൾ പ്രവർത്തകരുടെയും സഹകരണം പ്രസ്തുത സംരംഭത്തിൽ വേണം. കൂടാതെ OSSAE പരീക്ഷാജോലികൾ, പാഠങ്ങളുടെ പുനഃക്രമീകരണം എന്നിവയിലും എല്ലാ ഭദ്രാസനങ്ങളിൽനിന്നുമുള്ള അധ്യാപകരുടെ സഹകരണം നിർബന്ധമാണ്. അതുകൊണ്ട് 2020 ലെ അധ്യാപകരുടെ ലിസ്റ്റ് (അഡ്രസ്സും വിദ്യാഭ്യാസയോഗ്യതയും ഉൾപ്പെടെ) dgossae@gmail.com എന്ന ഇ-മെയിലിൽ അയച്ചുതരണം.

### (iii) ജീവകാരുണ്യദിനം 2020 ജനുവരി 19 ഞായർ

2020 ജനുവരി 19 ഞായറാഴ്ച 'ജീവകാരുണ്യദിന'മായി ആചരിക്കണം. OSSAE ആവിഷ്കരിച്ചിരിക്കുന്ന 'കിരൺ', 'തണൽ' പദ്ധതികൾക്കാണ് ഈ ഫണ്ട് സ്വരൂപിക്കുന്നത്. നിർധനരായ സൺഡേസ്കൂൾ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ചികിത്സ, വിദ്യാർത്ഥികളുടെ ഉപരിപഠനം എന്നീ ആവശ്യങ്ങൾക്കാണ് പ്രസ്തുത തുക ഉപയോഗിക്കുന്നത്. 2019 ൽ സഭയിലെ വിവിധ ഭദ്രാസനങ്ങളിൽ നൂറുകണക്കിനു വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പ്രസ്തുത ഫണ്ട് പ്രയോജനപ്പെടും.

'ജീവകാരുണ്യദിന' ആചരണത്തെക്കുറിച്ച് ഇടവക മുഴുവൻ അറിയണം. ജനുവരി 12-ാം തീയതി ഞായറാഴ്ചതന്നെ അറിയിപ്പു നൽകണം. അറിയിപ്പുബോർഡുകൾ സ്ഥാപിക്കണം. ചെറിയ ബാനറുകളും നന്നായിരിക്കും. പ്രാധാനാധ്യാപകൻ സൺഡേസ്കൂൾ പൊതുക്ലാസ്സിലും സാധിക്കുമെങ്കിൽ പള്ളിയിൽ പൊതുവായും വിശദീകരിക്കണം. ഇടവകയിൽ അർഹരായവർക്കു

പദ്ധതിയുടെ പ്രയോജനം ലഭിക്കുവാൻ സഹായിക്കണം. OSSAE യുടെ വെബ് സൈറ്റിൽ (ossae.org) അപേക്ഷാഫോറം ലഭ്യമാണ്. കഴിവനുസരിച്ച് ഈ മഹത്തരമായ പദ്ധതിയിലേക്ക് എല്ലാ അധ്യാപകരും വിദ്യാർത്ഥികളും ഒരു തുക സംഭാവന ചെയ്യണം.

കുവൈറ്റ് മഹാ ഇടവക ഏർപ്പെടുത്തിയിരിക്കുന്ന വിദ്യാഭ്യാസ സഹായത്തിനുള്ള അപേക്ഷാഫോറവും വൈബ്സൈറ്റിൽ ലഭ്യമാണ്.

**(iv) പ്രതിഭാമത്സരം: എം.ഡി. സ്കൂൾ, കോട്ടയം**

2020 ജനുവരി 11 ശനിയാഴ്ച, കോട്ടയം എം.ഡി. സ്കൂളിൽവച്ച് പ്രതിഭാമത്സരം നടത്തുന്നു. രാവിലെ 9 മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കും. സോണൽ തലത്തിൽ (സീനിയർ) പ്രസംഗം, സംഗീതം, പൊതുവിജ്ഞാനം (ഹയർസെക്കണ്ടറി) എന്നീ ഇനങ്ങളിൽ ഒന്നും രണ്ടും സ്ഥാനം ലഭിച്ചവരാണ് മത്സരാർത്ഥികൾ. വേദവചനഭൂഷൺ സ്ഥാനിയെ തെരഞ്ഞെടുക്കുവാൻ നടത്തുന്ന പരീക്ഷയിൽ 'തങ്കവാക്യം' പുതിയ എഡീഷൻ സഹായകരമെങ്കിലും അടിസ്ഥാന പുസ്തകം, ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിക്കുന്ന മലയാളം വേദപുസ്തകം ആയിരിക്കുമെന്നത് (മുൻപ് അറിയിച്ചിട്ടുള്ളത്) വീണ്ടും ഓർമ്മിപ്പിക്കുന്നു.

ആശംസകളോടെ,

ദേവലോകം
01-01-2020

വർഗീസ് വർഗീസച്ചൻ
ഡയറക്ടർ ജനറൽ

## OSSAE ജീവകാരുണ്യദിനം പ്രാർത്ഥന

കാരുണ്യവാനും മനുഷ്യസ്നേഹമുള്ളവനുമായ ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. അവിടുത്തെ മനസ്സലിവും മനോഗുണവും ഞങ്ങൾക്കു പ്രദാനം ചെയ്യണമേ!

മലങ്കരസഭയിലെ സൺഡേസ്കൂൾ പ്രവർത്തകരെയും കുഞ്ഞുങ്ങളെയും തിരുമുൻപാകെ സമർപ്പിക്കുന്നു. ദൈവരാജ്യമഹത്വത്തിനായി അധ്യയനം നടത്തുവാൻ ഞങ്ങളെ പ്രാപ്തരാക്കണമെ. ദൈവീക ജ്ഞാനത്താൽ നിറയ്ക്കണമെ. പ്രയാസത്തിലും ഞെരുക്കത്തിലും ആയിരിക്കുന്നവരെ സഹായിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമെ. സൺഡേസ്കൂൾ പ്രവർത്തകരെ സഹായിക്കുവാൻ കരുണയുടെ കരം നീട്ടുന്നവരെ തിരുക്കരത്താൽ അനുഗ്രഹിക്കണമെ.

ഞങ്ങളും ഞങ്ങളുടെ വാങ്ങിപ്പോയവരും ഒരുമിച്ച് തിരുസന്നിധിയിൽ സ്തുതിയും സ്തോത്രവും സമർപ്പിക്കുന്നു. ആയത് ഇപ്പോഴും എപ്പോഴും ഇന്നും എന്നേക്കുംതന്നെ. ആമ്മീൻ.